ഉത്തരം

(എ) അകലകുന്നം, കൊഴുവനാൽ, മുത്തോലി എന്നീ പഞ്ചായത്തുകൾക്കുവേണ്ടി പുലിയന്നൂർ അകലകുന്നം മീനച്ചിൽ എന്ന ശുദ്ധജലവിതരണ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി പണിയുന്ന ഇൻടേക്ക് വെല്ലിന്റെയും ഡിസ്ട്രിബ്യൂഷൻ പൈപ്പുകളുടെയും പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയുംവേഗം പണി പൂർത്തിയാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

റാന്നി-പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പണി

143. [188] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലിൽ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റാന്നി പഞ്ചായത്തിലെ പ്രവർത്തനമാരംഭിച്ച ശുദ്ധജലവിതരണപദ്ധതിയുടെ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

റാന്നി തോട്ടമൺ പദ്ധതി പൂർത്തീകരിച്ചു. ജലവിതരണം നടന്നുകൊണ്ടിരിക്കുന്നു. റാന്നി-അങ്ങാടി പഞ്ചായത്തിലെ പദ്ധതി പണി നടന്നുകൊണ്ടിരിക്കുന്നു. വേണ്ടത്ര പണം ലഭ്യമാവുകയാണെങ്കിൽ പ്രസ്തുത പദ്ധതി ആറുമാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇളംപ്രാശ്ശേരി ജലവിതരണ സംവിധാനം

144. [189] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട പഴവങ്ങാടി പഞ്ചായത്തിലെ കരികുളം ഇളംപ്രാശ്ശേരിയിൽ ജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ എത്രത്തോളം ആയി എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതു സംബന്ധിച്ച് വല്ല നിവേദനവും കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ന് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പഴവങ്ങാടി പഞ്ചായത്തിലെ കരികുളം പദ്ധതി കമ്മിഷൻ ചെയ്തു. ഇളംപ്രാശ്ശേരിയിൽ ഒരു ട്രസ്റ്റ് ഫൗണ്ടൻ സ്ഥാപിക്കാൻ വേണ്ട നടപടികൾ പരിഗണനയിലാണ്.

(ബി) ലഭിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly